KSEB

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1(B)/Trade Unions/Strike/2021 തീയതി: 25/09/2021

# പരിപത്രം

വിഷയം : കർഷക സംഘടനകൾ ആഹ്വാനം ചെയ്തിരിക്കുന്ന 27.09.2021 ലെ ഭാരത് ബന്ദിന്റേയും, അന്നേദിവസം സംസ്ഥാനത്ത് പ്രഖ്യാപിച്ചിരിക്കുന്ന ഹർത്താലിന്റേയും പശ്ചാത്തലത്തിൽ ഓഫീസ് മേധാവികൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കർഷക സംഘടനകൾ പ്രഖ്യാപിച്ചിട്ടുള്ള 27.09.2021 ലെ ഭാരത് ബന്ദിന്റേയും, പ്രസ്തുത ദിവസം സംസ്ഥാനത്ത് പ്രഖ്യാപിച്ചിരിക്കുന്ന ഹർത്താലിന്റേയും പശ്ചാത്തലത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വിവിധ കാര്യാലയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും, വൈദ്യുതി തടസ്സങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പ് മേധാവികളും ഓഫീസ് തലവന്മാരും തങ്ങളുടെ നിയന്ത്രണത്തിലുള്ള ഓഫീസുകളുടെ തടസ്സരഹിതമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്
2. അടിയന്തിര സാഹചര്യങ്ങളിൽ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. അടിയന്തിരഘട്ടത്തിൽ നിയോഗിക്കേണ്ട ജീവനക്കാരുടെ പട്ടിക മുൻകൂട്ടി തയ്യാറാക്കി അത്തരം ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.
4. വാഹനങ്ങളുടെയും ഡ്രൈവർമാരുടേയും ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.
5. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിന് ജീവനക്കാരുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.
6. വൈദ്യുതോത്പാദന നിലയങ്ങളിലും സബ്സ്റ്റേഷനുകളിലും എഞ്ചിനീയർമാരുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്.
7. അതാത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ തങ്ങളുടെ നിയന്ത്രണത്തിലുള്ള ഓഫീസുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുണ്ടാകുന്ന പ്രത്യേക സ്ഥിതി വിശേഷങ്ങൾ സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ന്റെ നിയന്ത്രണത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്
(Cabin. No. 324, Phone Nos. 04712448948, 2514454, 2514376, CUG – 9446008825, E-mail : cehrm@kseb.in)

ഒപ്പ്
സെക്രട്ടറി (ഭരണം)

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /

ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, & ഐ.റ്റി) ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)/ ടി. എ ടു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം) ടി. എ ടു ഡയറക്ടർ {ജനറേഷൻ & ഇലക്ട്രിക്കൽ} ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)/ ടി. എ ടു ഡയറക്ടർ {റീസ്, സ്പോർട്സ് & വെൽഫയർ} എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

25/09/2021

സീനിയർ സൂപ്രണ്ട്